പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2332 07.02.2019-ൽ മറുപടിക്ക്**

**കേരള മൂല്യ വർധിത നികുതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കേരള മൂല്യ വർധിത നികുതി നിയമപ്രകാരം 2011-12 വർഷം മുതൽ സർക്കാരിലേക്ക് ലഭിക്കേണ്ട കുടിശ്ശികയും പിഴയും പിരിച്ചെടുക്കുന്നതിന് നിലവിലുണ്ടായിരുന്ന നിയമതടസ്സം മാറിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരള മൂല്യ വർദ്ധിത നികുതി നിയമപ്രകാരം 2011-12 വർഷം മുതൽ 2016-17 വർഷം വരെയുള്ള നികുതി നിർണ്ണയം നടത്തുന്നതിനെതിരായി ഫയൽ ചെയ്തിരുന്ന നിരവധി റിട്ട് പെറ്റീഷനുകൾ തീർപ്പാക്കപ്പെട്ടിട്ടുണ്ട്. ഇതിനെത്തുടർന്ന് കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരമുള്ള 2011-12 വർഷം മുതലുള്ള നികുതി നിർണ്ണയം പൂർത്തിയാക്കുന്നതിനും അതുവഴിയുള്ള നികുതിയും പിഴയും പിരിച്ചെടുക്കുന്നതിനായുമുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുകയെത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രീ അസ്സെസ്സ്മെന്റ് നോട്ടീസുകൾക്കുൾപ്പടെ ഏകദേശം 3250 കേസുകളിൽ സ്റ്റേ നിലവിലുണ്ട്. ഈയിനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക നികുതി നിർണ്ണയം പൂർത്തീകരിച്ചതിനുശേഷം മാത്രമേ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. |
| (സി) | എങ്കിൽ പ്രസ്തുത കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ? | (സി) | കേരള പൊതുവില്പന നികുതി, കേരള മൂല്യവർദ്ധിത നികുതി, കാർഷികാദായനികുതി, ആഡംബര നികുതി, കേന്ദ്ര വില്പന നികുതി എന്നീ നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുവേണ്ടി സമഗ്രമായ മാപ്പാക്കൽ പദ്ധതി അഥവാ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (Amnesty Scheme) നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പിഴയിലും പലിശയിലും ആകർഷകമായ ഇളവുകൾ നൽകുന്ന ഈ പദ്ധതി വ്യാപാരിസമൂഹം സ്വാഗതം ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത് കൂടാതെ ചില പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഫാസ്റ്റ് ട്രാക്ക് അസ്സെസ്സ്മെന്റിലൂടെയും നികുതി നിർണയം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ